"ചെറിയ കാര്യങ്ങൾ ചെയ്ത് രണ്ടാമൂഴം ഉറപ്പിക്കുന്നതിനേക്കാളും വലിയ കാര്യങ്ങൾ ചെയ്ത ഒറ്റവട്ട പ്രസിഡന്റായി അറിയാനാണ് ഞാനാഗ്രഹിക്കുന്നത്."

# ബന്ധനസ്ഥനായ ഒബാമ

അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റ് ബറാക് ഒബാമ വൈറ്റ്ഹൗസിൽ കുടുങ്ങിപ്പോയ അവസ്ഥയിലാണിപ്പോൾ. ലോകത്തിലെ ഏറ്റവും വലിയ അധികാരപദവിയായി ഐക്യനാടുകളുടെ പ്രസിഡൻസി വിശേഷിപ്പിക്കപ്പെടുന്നതിൽ കഥയില്ലായെന്ന് ഒബാമ ചരിത്രം പഠിപ്പിക്കുന്നു. ഒരുപരിധിവരെ ഈ പരാധീനത ഒബാമ തന്നെ വരുത്തിവെച്ചതാണെന്നു കരുതാം. എല്ലാ സമസ്യകൾക്കും സമവായം തേടിപ്പോകുന്ന അദ്ദേഹത്തിന്റെ പ്രകൃതം തന്നെ മുഖ്യശത്രു. ഒരു കറുത്ത വർഗക്കാരൻ ചരിത്രം സൃഷ്ടിച്ചുകൊണ്ട് വർണ വിവേചനത്തിന്റെ കനത്ത മതിലുകൾ ചവിട്ടിപ്പൊളിച്ച് വൈറ്റ്ഹൗസിലെത്തിയത് വൻശത്രുവലയം സൃഷ്ടിച്ചു. മിക്കകാര്യങ്ങളിലും അഭിപ്രായ ഐക്യം ഇല്ലായെങ്കിലും എതിർകക്ഷിയിലെ പ്രമുഖരെല്ലാം ഒറ്റക്കെട്ടായി ഒബാമയുടെ പുരോഗമന നയപരിപാടികൾക്ക് തുരങ്കം വെക്കുന്നു. സ്വന്തം കക്ഷിയിലെ യാഥാസ്ഥിതിക ലോബിയെ അടക്കിനിർത്തുവാൻ ഒബാമ പെടാപ്പാടുപെടുന്നു. അധികാരത്തിലേറി അധികം വൈകാതെതന്നെ ഒബാമയുടെ നേതൃത്വം ചോദ്യം ചെയ്യപ്പെടാൻ അവസരമുണ്ടായത് അദ്ദേഹം നീഗ്രോ വംശജനായി പിറന്നതുകൊണ്ടു മാത്രമാകണം. ഈ ദുർഗതി വേറൊരു അമേരിക്കൻ പ്രസിഡന്റിനും ഉണ്ടായിട്ടില്ല.

ഫ്രാങ്ക്ലിൻ റൂസ്വെൽറ്റിന്റെ പ്രസിഡൻസിയുടെ നാലാമൂഴം പൂർത്തിയാകും മുമ്പേ അദ്ദേഹം അന്തരിച്ചു. വൈസ്പ്രസിഡന്റായി ഹാരിട്രൂമാൻ അധികാരമേറ്റപ്പോൾ ബഹുഭൂരിപക്ഷം അമേരിക്കക്കാരും തൃപ്തരായിരുന്നില്ല. മൂന്നാംതവണ റൂസ്വെൽറ്റിന്റെ വൈസ്പ്രസിഡന്റായിരുന്ന ഹെൻട്രി വലൻസിനാണ് നറുക്കുവീഴേണ്ടിയിരുന്നത്. അത് സംഭവിച്ചിരുന്നെങ്കിൽ അമേരിക്കയുടെ ചരിത്രംതന്നെ മാറുമായിരുന്നു. പോളിയോ ബാധിച്ച് വീൽചെയറിലായിരുന്ന റൂസ്വെൽറ്റ് നാലാംതവണയും പ്രസിഡന്റായപ്പോൾ കാലാവധി പൂർത്തിയാക്കില്ലായെന്ന് പരക്കെ വിശ്വാസമുണ്ടായിരുന്നു. വൈസ്പ്രസിഡന്റിന്റെ വൈറ്റ്ഹൗസിലേക്കുള്ള സ്ഥാനാരോഹണം അനിവാര്യമാകുമെന്നും ജനം കരുതിയിരുന്നു. ഒരു സെനറ്റർ പോലുമല്ലാത്ത, ഒട്ടും അറിയപ്പെടാത്ത ഉൾനാടൻ കോൺഗ്രസ്മാൻ ഹാരിട്രൂമനെ പിൻഗാമിയായി റൂസ്വെൽറ്റ് തെരഞ്ഞെടുത്തതിന്റെ പൊരുൾ ചരിത്രകാരന്മാർക്കിന്നും വ്യക്തമല്ല. പ്രസിഡന്റായ ട്രൂമാന്റെ പ്രധാനപ്രശ്നം മഹായുദ്ധം ജയിച്ചുവന്ന സൈനിക മേധാവികളെ നിലക്കു നിറുത്തുകയെന്നതായിരുന്നു. ജപ്പാൻ കീഴടക്കിയ ജനറൽ മക്ആർതർ പ്രസിഡന്റ് ട്രൂമാനെ ധിക്കരിക്കാൻ പോലും ധാർഷ്ട്യം കാണിച്ചു. ഗുവാം സൈനികത്താവളത്തിൽ ഔദ്യോഗിക സന്ദർശനത്തിനെത്തിയ ട്രൂമാൻ ജനറൽ മക്ആർതറിന്റെ വരവിന് കാത്തുനിൽക്കേണ്ട ഗതികേടു വന്നു. ധിക്കാരിയായ മക്ആർതറെ ശകാരിച്ചുകൊണ്ട് ട്രൂമാൻ പറഞ്ഞ വാചകം ഇതിഹാസമായി. "എടോ ജനറലേ, താൻ അവഹേളിച്ചത് ഹാരിട്രൂമാനെയല്ല, അമേരിക്കയുടെ സർവ സൈന്യാധിപനെയാണ്.



മധുനായർ, ന്യൂയോർക്ക്

മക്ആർതറെ സർവീസിൽനിന്നും പിരിച്ചുവിടുകയാണ് തിരിച്ച് വൈറ്റ്ഹൗസിലെത്തിയ പ്രസിഡന്റ് ട്രൂമാൻ ചെയ്ത ആദ്യകാര്യം. ജനരോഷം ആളിക്കത്തിയിട്ടും ട്രൂമാൻ കുലുങ്ങിയില്ല. ആറ്റംബോംബ് പ്രയോഗിക്കുന്നതിലും ഇസ്രായേലിന് അംഗീകാരം നൽകുന്നതിലും പ്രസിഡന്റ് ട്രൂമാൻ കാണിച്ച നേതൃത്വപാടവം അമേരിക്കൻ പ്രസിഡന്റിന്റെ അധികാരസീമയുടെ അനന്തത വെളിപ്പെടുത്തുന്നു.

ട്രൂമാൻ ചരിത്രം ഇവിടെ വിവരിച്ചത് ഒബാമയുടേത് നിസ്സഹായവസ്ഥയല്ലെന്ന് സൂചിപ്പിക്കാനാണ്. വർണവെറി തീരാശാപമായ അമേരിക്കൻ ജനത മുട്ടുശാന്തിക്കുവേണ്ടിയാണ് ഒബാമയെ വൈറ്റ്ഹൗസിലെത്തിച്ചത്. ബുഷ് ഭരണകൂടം അമേരിക്കയെ വൈദേശികമായും സാമ്പത്തികമായും വൻകുരുക്കിൽപ്പെടുത്തിയതിൽനിന്നും രക്ഷകനായി ജനം ഒബാമയെക്കണ്ടു. അദ്ദേഹത്തിന്റെ വാഗ്മിത്വം ലിങ്കനെ ഓർമപ്പെടുത്തുംവിധമായിരുന്നു. ഇറാക്കിൽനിന്നും അമേരിക്കൻസൈനികരെ പിൻവലിക്കുമെന്നും കടബാധ്യതയിൽനിന്നും അമേരിക്കയെ വിമുക്തമാക്കുമെന്നുമൊക്കെയുള്ള ഒബാമയുടെ തെരഞ്ഞെടുപ്പു പ്രചാരണം ഭൂരിഭാഗം അമേരിക്കക്കാരും വിശ്വസിച്ചു. അധികാരത്തിലേറി പകുതികാലാവധിയെങ്കിലും പൂർത്തിയാകും മുമ്പേതന്നെ ഇതൊക്കെ നടന്നുകാണാത്തതിൽ അക്ഷമരാണിന്ന് ഭൂരിപക്ഷവും. ഫലമോ ഉപതെരഞ്ഞെടുപ്പുകളിലൊക്കെ പ്രതിപക്ഷം ജയിച്ചുകയറുന്നു. അരനൂറ്റാണ്ടായി ഏറ്റവും ലിബറൽ ചിന്താഗതിയുടെ ഈറ്റില്ലവും ഡമോക്രാറ്റിക് കക്ഷിയുടെ കുത്തകയും ആയിരുന്ന മസച്ചുസറ്റ്സ് സംസ്ഥാനം സ്കോട്ട് ബ്രൗൺ എന്ന റിപ്പബ്ലിക്കിനെ സെനറ്റിലേക്ക് തെരഞ്ഞെടുത്തപ്പോൾ ഒബാമ പ്രതികരിച്ചു.

"ചെറിയ കാര്യങ്ങൾ ചെയ്ത് രണ്ടാമൂഴം ഉറപ്പിക്കുന്നതിനേക്കാളും വലിയ കാര്യങ്ങൾ ചെയ്ത ഒറ്റവട്ട പ്രസിഡന്റായി അറിയാനാണ് ഞാനാഗ്രഹിക്കുന്നത്."

റൊണാൾഡ് റെയ്ഗനും ബിൽ ക്ലിന്റനുമൊക്കെ വൈറ്റ്ഹൗസിലെത്തിയ ആദ്യവർഷങ്ങളിൽ ജനപ്രീതി ഇതിലും താഴ്ന്നിരുന്നുവെന്നത് ആശക്ക് വക നൽകുന്നു. അമേരിക്കയുടെ പ്രശ്നങ്ങൾ ലഘുവായി പരിഹരിക്കത്തക്കവിധത്തിലുള്ളതല്ല. ആഗോളപരമായി നൂറ്റിഇരുപതുകോടിയോളം വരുന്ന ഇസ്ലാം മതവിശ്വാസികളെ അമേരിക്ക ശത്രുവാക്കിയിരിക്കുന്നു. വിദേശകാര്യ നടത്തിപ്പിലെ ഈ വൻവീഴ്ച ഒബാമ മനസ്സിലാക്കിയെന്നാണ് അദ്ദേഹത്തിന്റെ കയ്റോ പ്രസംഗം ധ്വനിപ്പിച്ചത്. എന്നാൽ ഇസ്രായേലെന്ന കൃത്രിമ രാഷ്ട്രത്തിനെതിരായി വിരലനക്കാൻപോലും ഒബാമ ഇതുവരെ തയാറാകുന്നില്ല. വാൾസ്ട്രീറ്റിലെ വൻ അട്ടിമറിയെ താൽക്കാലികമായിട്ടുമാത്രമേ പ്രതിരോധിക്കാൻ ഒബാമക്ക് കഴിഞ്ഞിട്ടുള്ളൂ. അദ്ദേഹത്തിന്റെ മാന്ത്രികദണ്ഡ് ഇക്കാര്യത്തിൽ വീശിക്കാണാൻ ആഗ്രഹിക്കുന്നവരൊക്കെ അക്ഷമരായിരിക്കുന്നു.

സെനറ്റിലും കോൺഗ്രസിലുമൊക്കെ സമവായം ഉണ്ടാക്കി നാടു നന്നാക്കാൻ ഒബാമ കാത്തിരിക്കുന്നത് വ്യഥാവിലാകും. അമേരിക്ക ഒബാമയിൽ പ്രതീക്ഷിച്ചത് ഒരു ലിങ്കണെയോ റൂസ്വെൽറ്റിനെയോ ആണ്. നിർഭയം തീരുമാനമെടുക്കാനുള്ള മനക്കരുത്ത് ഒബാമക്ക് ഉണ്ടാകാത്തത് വർണാവബോധമാകുമോ? അങ്ങനെ വന്നാൽ അമേരിക്ക നേരിടുന്ന ഏറ്റവും വലിയ ദുരന്തവും അതാകും.